പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 117

04.06.2018 ൽ
മറുപടിക്ക്

# പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | എ) സംസ്ഥാനത്തെ പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി അന്വേഷണം നടത്തി കണ്ടെത്തുന്നതിന് 19 സൈബർ സെല്ലുകളും, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ പോലീസ് സ്റ്റേഷൻ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ആസ്ഥാനമായി പുതിയ മൂന്ന് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ - മുഖാന്തിരം പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് (പി.സി.സി), നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ.ഒ.സി), പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ-ന്റെ പകർപ്പ് എന്നിവ ഓൺലൈൻ വഴി ലഭ്യമാക്കുവാനും കഴിയും. കാണാതായ വ്യക്തികളുടെ വിവരങ്ങൾ പോലീസിന് നൽകാനും, സമ്മേളനങ്ങൾ, |

ജാഥകൾ, മറ്റു കലാപരിപാടികൾ എന്നിവ നടത്തുന്നതിനും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനുമുള്ള പോലീസ് അനുവാദം ഓൺലൈൻ അപേക്ഷയിലൂടെ ഈ പോർട്ടൽ വഴി സാധ്യമാകുന്നതാണ്. പൊതുജനങ്ങൾക്ക് സുരക്ഷക്കായി ഉപയോഗിക്കാവുന്ന 'രക്ഷ', 'ഡയൽ എ കോപ്പ്', ''സിറ്റിസൺ സേഫ്റ്റി' തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സി.സി.ടി.എൻ.എസ് സംവിധാനം, ഡിജിറ്റൽ ഫോറൻസിക് സംവിധാനങ്ങൾ, ഓഫീസ് സേവനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം, സ്ത്രീ സുരക്ഷക്കായി പിങ്ക് ബീറ്റ് പട്രോൾ തുടങ്ങിയവയും പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ആധുനീകരണ പ്രവർത്തനങ്ങളാണ്.

| | |
|---|---|
| ബി) പോലീസ് സ്റ്റേഷനുകളെ ജനസൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | ബി) പോലീസ് സ്റ്റേഷനുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.സ്റ്റേഷനിൽ വരുന്നവരുടെ പരാതിയും മറ്റും സ്വീകരിക്കുന്നതിനായി പി.ആർ.ഒ. സംവിധാനം, പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസർ, വനിതാ ഹെൽപ്പ് ഡെസ്ക്, ഐ.ആപ്സ് പെറ്റിഷൻ സംവിധാനം എന്നീ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെ ഭാഗത്തു നിന്നും പൊതു ജനങ്ങൾക്ക് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് കർശനമായ നിർദ്ദേശം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിച്ചും കുറ്റാന്വേഷണ ചുമതലയും, ക്രമസമാധാന പരിപാലനവും വിഭജിച്ച് നൽകിയതിലൂടെയും പരാതിക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിൽ എത്തി സ്ത്രീകളുടെ പരാതി സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| സി) പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | സി) ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമേ പോലീസ് സേനയിൽ നിയമിതരാവുകയുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിനായി ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് മുന്നോടിയായി അന്വേഷണം നടത്തുകയും, ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. നിയമനം ലഭിച്ച ശേഷം പോലീസുദ്യോഗസ്ഥർ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തികളിലേർപ്പെടുന്നുണ്ടോയെന്നും, അഴിമതിയിലേർപ്പെടുന്നുണ്ടോയെന്നും രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്താലും മറ്റും അന്വേഷണം നടത്തിവരുന്നുമുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമം അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ